## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 6470** 08.11.2016-ൽ മറുപടിയ്ക്ക്

# കായികതാരങ്ങൾക്ക് നൽകിയിട്ടുള്ള പ്രോത്സാഹനങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.രാജു എബ്രഹാം | | ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കഴിഞ്ഞ 5 വർഷമായി സംസ്ഥാനത്ത് നിന്നുള്ള കായിക താരങ്ങൾക്ക് സർക്കാർ നൽകിയിട്ടുള്ള പ്രോത്സാഹനങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ ; | (എ) | വിവരം ശേഖരിച്ച് വരുന്നു. |
| (ബി) | വിവിധ ദേശീയ, അന്തർ ദേശീയ മത്സരങ്ങളിൽ മെഡലുകൾ നേടിയ കായികതാരങ്ങൾക്ക് സർക്കാർ നൽകിയ പാരിതോഷികങ്ങളുടെ വിശദ വിവരങ്ങൾ ലഭ്യമാക്കാമോ ; ഈ ഇനത്തിൽ ഓരോ വർഷവും എത്ര തുക വീതമാണ് ചെലവഴിച്ചത് എന്ന ഇനം തിരിച്ച് വിശദമാക്കാമോ ; | (ബി) | 2012-13 സാമ്പത്തിക വർഷം (2008-09, 2009-10, 2010-11, 2011-12 സാമ്പത്തിക വർഷങ്ങളിലെ) ക്യാഷ് അവാർഡ് ഇനത്തിൽ 5,90,42,581/- രൂപയും 2013-14 സാമ്പത്തിക വർഷം 1,50,00,000/- രൂപയും, ദേശീയ അന്തർദേശീയ മത്സരങ്ങളിൽ പങ്കെടുത്ത് വിജയിച്ച കായികതാരങ്ങൾക്ക് വിതരണം ചെയ്തിട്ടുണ്ട്.<br>35-ാമത് ദേശീയ ഗെയിംസിൽ മെഡൽ നേടിയ കായികതാരങ്ങൾക്ക് ക്യാഷ് അവാർഡായി 7,91,00,000/- രൂപയും അവരുടെ പരിശീലകർക്കും ടീം മാനേജർക്കും 826500/- രൂപയും ക്യാഷ് അവാർഡ് ഇനത്തിൽ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ, 2015 ജൂണിൽ ചൈനയിൽ ഹോങ്കോങ്ങിൽ വച്ച് നടന്ന ഏഷ്യൻ പവർ ലിഫ്റ്റിംഗ് മത്സരത്തിൽ പങ്കെടുത്ത് സ്വർണ്ണ മെഡൽ നേടിയ മുഹമ്മ എബി വിലാസം ഹയർ സെക്കന്ററി സ്കൂളിലെ 10-ാം ക്ലാസ്സ് വിദ്യാർത്ഥിനി കുമാരി സി.അശ്വതി, വെള്ളി മെഡൽ നേടിയ ഇതേ സ്കൂളിലെ പ്ലസ് ടു വിദ്യാർത്ഥിനി കുമാരി എസ്.പി.ശ്രീക്കുട്ടി എന്നിവർക്ക് ഒരു ലക്ഷം രൂപ വീതവും കായികാദ്ധ്യാപകനായ ശ്രീ.വി.സവിനയന് 50,000/- രൂപയും ധനസഹായം അനുവദിച്ചിട്ടുണ്ട്. |

കൂടാതെ 31-ാമത് റിയോ ഒളിമ്പിക്സിൽ പങ്കെടുത്ത 11 കേരളീയ കായികതാരങ്ങൾക്ക് 3,00,000/- രൂപ വീതമുള്ള പ്രത്യേക ക്യാഷ് അവാർഡ് നൽകിയിട്ടുണ്ട്.

(സി) കേരളത്തിൽ നടന്ന ദേശീയ ഗെയിംസിൽ മെഡൽ നേടിയ കായികതാരങ്ങൾക്ക് സർക്കാർ ജോലി വാഗ്ദാനം ചെയ്തിരുന്നോ ; എത്ര പേർക്കാണ് ജോലി വാഗ്ദാനം നൽകിയിരുന്നത് ; ഇതിൽ ഗസറ്റഡ് ജോലി ആർക്കൊക്കെ വാഗ്ദാനം ചെയ്തിരുന്നു ;

(സി) 24.02.2015-ലെ സ.ഉ.(കൈ)നം.10/15/കാ.യു.വ പ്രകാരം 35-ാം ദേശീയ ഗെയിംസിൽ സംസ്ഥാന ടീമിന്റെ മികച്ച പ്രകടനം കണക്കിലെടുത്ത് വ്യക്തിഗത ഇനങ്ങളിൽ മെഡൽ നേടിയവരിൽ നിലവിൽ ജോലിയില്ലാത്തവർക്ക് വിവിധ സർക്കാർ വകുപ്പുകളിൽ ജോലി നൽകുന്നതിന് ഉത്തരവായിട്ടുണ്ട്. ടീം ഇനത്തിൽ സ്വർണ്ണമെഡൽ നേടിയവരിലും നിലവിൽ ജോലിയില്ലാത്തവർക്ക് വിവിധപൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലി നൽകുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.

1. വ്യക്തിഗത ഇനത്തിൽ മെഡൽ നേടിയവർ - 27
2. ടീം ഇനത്തിൽ സ്വർണ്ണം നേടിയവർ - 41
3. ടീം ഇനത്തിൽ വെള്ളി,വെങ്കല മെഡൽ നേടിയവർ - 83

4. **<u>ഗസറ്റഡ് തസ്തിക</u>**
   ശ്രീ.സജൻ പ്രകാശ് നീന്തൽ
   കുമാരി എലിസബത്ത് സുസൻ കോശി റൈഫിൾ ഷൂട്ടിംഗ്
   കുമാരി അനിൽഡ തോമസ് -അത്‌ലറ്റിക്സ്
   കുമാരി അനു ആർ - അത്‌ലറ്റിക്സ്

(ഡി) എത്ര പേർക്ക് ഇതിനോടകം ജോലി നൽകിയിട്ടുണ്ട്; ബാക്കിയുള്ളവർക്ക് ജോലി നൽകാൻ കാലതാമസം എടുക്കുന്നതിന്റെ കാരണം വ്യക്തമാക്കാമോ ?

(ഡി) 16.02.2016-ലെ സ.ഉ.(എം.എസ്) നം.15/16/കാ.യു.വ പ്രകാരം 68 കായിക താരങ്ങൾക്ക് സർക്കാർ നിയമനം നൽകുന്നതിന് (വ്യക്തിഗത ഇനത്തിൽ മെഡൽ നേടിയവർ 27 + ടീം ഇനത്തിൽ സ്വർണ്ണം നേടിയവർ 41) ഉത്തരവായിട്ടുണ്ട്. ടീം ഇനത്തിൽ വെള്ളി, വെങ്കല മെഡൽ നേടിയ കായികതാരങ്ങൾക്ക് ലാഭത്തിൽ പ്രവർത്തിക്കുന്ന വിവിധ പൊതുമേഖലാ സ്ഥാപനങ്ങളിലും ജോലി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

Manj M

**സെക്ഷൻ ഓഫീസർ**